**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊച്ചി നഗരസഭയിലെ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ, ശ്രീ. പി.എൻ. ജയന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 528/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 23.02.2017

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 05.09.2016 തിയതിയിലെ ഇ 7-117975/16 നമ്പർ കത്ത്.

**ഉത്തരവ്**

മുനിസിപ്പൽ കോമൺസർവ്വീസിൽ ശിപായി തസ്തികയിൽ 20.01.1999 ൽ ജോലിയിൽ പ്രവേശിച്ച് 17.02.2006 ൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ ആയി ഉദ്യോഗകയറ്റം നേടിയ ശ്രീ.പി.എൻ. ജയൻ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനാവശ്യമായ ടെസ്റ്റുകളൊന്നും പാസ്സായിട്ടില്ലായെന്നും 20.05.1964 ജനനത്തീയതിയുള്ള ടിയാന് 50 വയസ്സ് 20.05.2014 ന് പൂർത്തിയായിട്ടുള്ളതിനാൽ, കെ.എസ്.& എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം ശ്രീ. പി.എൻ. ജയന്റെ പ്രൊബേഷൻ കാലയളവ് 20.05.2014 വരെ ദീർഘിപ്പിച്ച് ഉത്തരവാകണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺസർവ്വീസിൽ ശിപായി തസ്തികയിൽ 20.01.1999 ൽ ജോലിയിൽ പ്രവേശിച്ച് 17.02.2006 ൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ ആയി ഉദ്യോഗകയറ്റം നേടിയ ശ്രീ.പി.എൻ. ജയൻ ടി തസ്തികയിൽ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനാവശ്യമായ ടെസ്റ്റുകളൊന്നും പാസ്സായിട്ടില്ലാത്തതിനാൽ, ശ്രീ. പി.എൻ. ജയന് 50 വയസ്സ് പൂർത്തിയായ സാഹചര്യത്തിൽ മറ്റെല്ലാ തരത്തിലും യോഗ്യനാണെങ്കിൽ ടിയാന്റെ നിരീക്ഷണകാലം 20/05/2014 FN ന് പൂർത്തിയാക്കിയതായി നഗരകാര്യ ഡയറക്ടർക്ക് പ്രഖ്യാപിക്കുവാൻ സാധിക്കുമാറ് ടിയാന്റെ നിരീക്ഷണകാലം 21/05/2014 വരെ KS&SSRs, Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ.പി.എൻ. ജയൻ ,എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ ,കൊച്ചി നഗരസഭ
സെക്രട്ടറി, കൊച്ചി നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ